(ബി) 13,052 അപേക്ഷകളിൽ തീർപ്പുകല്പിച്ചിട്ടുണ്ട്.

(സി) 34,84,524 (മുപ്പത്തിനാല് ലക്ഷത്തി എൺപത്തിനാലായിരത്തി അഞ്ഞൂറ്റി ഇരുപത്തി നാല് രൂപ) ചെലവഴിച്ചു.

(ഡി) 2,72,12,000 (രണ്ട് കോടി എഴുപത്തിരണ്ട് ലക്ഷത്തി പന്ത്രണ്ടായിരം രൂപ) ധനസഹായം നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ ജനസമ്പർക്ക പരിപാടിയിൽ പ്രഖ്യാപിച്ച പദ്ധതികൾ

33(33) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ നടത്തിയ ജനസമ്പർക്ക പരിപാടിയിൽ, ഏതൊക്കെ പുതിയ പദ്ധതികളുടെ പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) ഈ പദ്ധതികളിൽ ഏതെല്ലാം നടപ്പാക്കിയിട്ടുണ്ട്;

(സി) ഇനി നടപ്പാക്കാനുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണ് ; വ്യക്തമാക്കുമോ ;

(ഡി) ഇവ നടപ്പാക്കാനാവശ്യമായ ഫണ്ട് നീക്കിവച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആവശ്യമായ പണം ഏതുവിധത്തിൽ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ മംഗലാപുരത്തെ ആശുപത്രികളും കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തുക, മെഡിക്കൽ കോളേജ് നിർമ്മാണം, 100 എൻഡോ സൾഫാൻ ദുരിതബാധിതർക്ക് വീട്, കടാശ്വാസത്തിന് പ്രത്യേക പദ്ധതി, ആധുനിക സൗകര്യങ്ങളോടെ പുനരധിവാസഗ്രാമം, മഞ്ചേശ്വരം, വെള്ളരിക്കുണ്ട് താലൂക്കാശുപത്രികൾ, ബാവിക്കര റഗുലേറ്റർ പദ്ധതിയുടെ പൂർത്തീകരണം, നീലേശ്വരം നഗരസഭയ്ക്ക് ബസ് സ്റ്റാൻഡിന് സ്ഥലം, കാസർഗോഡ് ഗവൺമെന്റ് കോളേജിൽ ഇൻഡോർ സ്റ്റേഡിയം, നീലേശ്വരം-പള്ളിക്കര റയിൽവേ മേൽപ്പാലം എന്നീ പദ്ധതികളുടെ പ്രഖ്യാപനം നടത്തിയിട്ടുണ്ട്.

(ബി) പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി&ഡി) നടപ്പാക്കാനുള്ള പദ്ധതികൾ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly